Sunday

Vol. 14 No. 08 CYCLE - C

# വെർബും ദോമിനി

VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജനുവരി 12

## കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാൾ

## തിയോഫനി

**ഫാ. ഇമ്മാനുവൽ ആന്റണി**



**യേ**ശു ദൈവപുത്രനാണ് എന്ന സ്വർഗീയ വെളിപാടിന്റെ ഓർമ്മ പുതുക്കലാണ് ജ്ഞാനസ്നാനത്തിരുനാൾ. കാലിത്തൊഴുത്തിൽ മനുഷ്യനായി അവതരിച്ചവൻ, ആട്ടിടയർക്കും ജ്ഞാനികൾക്കും മുന്നിൽ പ്രത്യക്ഷീകരിക്കപ്പെട്ടവൻ, ജോർദാനിൽ സ്നാനവേളയിൽ ദൈവപുത്രനെന്ന് പിതാവും ആത്മാവുമായ ദൈവം വഴി ലോകത്തിനു മുൻപിൽ വെളിപ്പെടുത്തപ്പെടുന്നു. 'തിയോഫനി' എന്നാൽ ദൈവത്തിന്റെ വെളിപാട് എന്നാണ് അർത്ഥം. ദൈവത്തിന്റെ മനുഷ്യാന്വേഷണത്തിന്റെ വെളിപ്പെടുത്തൽ പൂർണ്ണമാകുന്ന ചരിത്ര സംഭവമാണ് ക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന്റെ നാന്ദിയായ ജ്ഞാനസ്നാനം. പിതാവും പരിശുദ്ധാത്മാവും സന്നിഹിതരായി പുത്രനെ ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നു. പിതാവായ ദൈവത്തിന്റെ സാന്നിധ്യവും, ആത്മാവായ ദൈവത്തിന്റെ ആഗമനവും, ഇവൻ എന്റെ പ്രിയ പുത്രനാകുന്നുവെന്ന പ്രഖ്യാപനവും ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയെ വെളിപ്പെടുത്തുന്ന ഇടമായി ജ്ഞാനസ്നാന വേദിയെ രൂപപ്പെടുത്തുന്നു. യേശുവിന്റെ ജ്ഞാനസ്നാനം ഭാവിയിൽ നടക്കാൻ പോകുന്ന ക്രിസ്തു സംഭവങ്ങളുടെ മുന്നോടിയായിരുന്നു. അവിടുത്തെ മരണം, സംസ്കാരം, ഉത്ഥാനം എന്നിവയുടെ പ്രതീകാത്മകമായ പ്രകടനമായിരുന്നു ജോർദാൻ നദിയിൽ അരങ്ങേറിയത്.

പാപത്തിന്റെ ലാഞ്ജന പോലുമില്ലാതിരുന്ന ക്രിസ്തു എന്തിനാണ് യോഹന്നാനിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചത്? വി. പൗലോസ് ഫിലിപ്പിയൻസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിലെ വരികൾ ഈ ആശങ്കയ്ക്ക് അറുതി നൽകുന്നുണ്ട്. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപോലെ കാണപ്പെട്ടു; മരണം വരെ-അതേ കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി. 2: 6-8). ദൈവപുത്രൻ മനുഷ്യനാവുക മാത്രമല്ല, പാപമെന്നതിന് ഒഴികെ മറ്റെല്ലാ കാര്യങ്ങളിലും അവിടുന്ന് മനുഷ്യർക്ക് സമനായി ജീവിച്ചു. പാപികളെ ദൈവത്തിങ്കലേക്ക് വിളിക്കുവാൻ ക്രിസ്തു പാപികളോടൊപ്പം നിൽക്കുന്നു. യോഹന്നാന്റെ ജ്ഞാനസ്നാനം പശ്ചാത്താപത്തിലേക്കുള്ള ആഹ്വാനമായിരുന്നെങ്കിലും യേശു അത് സ്വീകരിക്കുന്നത് ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനും താൻ മിശിഹായാണെന്ന് യോഹന്നാനെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു. സുവിശേഷകനായ മത്തായിയുടെ വിവരണമനുസരിച്ച് തന്നെക്കുറിച്ചുള്ള (മിശിഹായെക്കുറിച്ചുള്ള) പ്രവചനങ്ങൾ നിറവേറുവാനും, സ്നാപകന്റെ സ്നാനത്തെ ആദരിക്കാനും, സർവ്വ നീതിയും പൂർത്തിയാകാനുമാണ് ഈശോ ജ്ഞാനസ്നാനം സ്വീകരിക്കുന്നത്.

യേശുവിന്റെ ജ്ഞാനസ്നാനം നമ്മുടെ ഓരോരുത്തരുടെയും ജ്ഞാനസ്നാനത്തെപ്പറ്റി ധ്യാനിക്കുവാൻ ക്ഷണിക്കുന്നുണ്ട്. നമ്മുടെ വ്യക്തിത്വങ്ങളിൽ ഈശോയുടെ മുഖലക്ഷണങ്ങൾ പ്രത്യക്ഷമാക്കുവാനുള്ള അവസരമാണ് ജ്ഞാനസ്നാനത്തിലൂടെ നമുക്ക് ലഭിച്ചത്. ഈശോയെ രക്ഷകനും നാഥനുമായി സ്വീകരിക്കാമെന്നും, പാപവും പാപമാർഗ്ഗങ്ങളും ഉപേക്ഷിക്കാമെന്നും നമുക്കുവേണ്ടി ജ്ഞാനമാതാപിതാക്കൾ പറഞ്ഞതിന് പിന്നിൽ നാം വിശ്വാസത്തിൽ വളരണമെന്ന ആഗ്രഹവും, യാചനയും മറഞ്ഞിരിക്കുന്നു. കത്തിച്ച മെഴുകുതിരി സഭാമാതാവ് നമ്മുടെ കൈകളിലേക്ക് സമ്മാനിക്കുമ്പോൾ ഏത് പ്രതികൂല സാഹചര്യത്തിലും ക്രിസ്തുവിലുള്ള വിശ്വാസം കെടാതെ കാത്തുസൂക്ഷിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു. ഒപ്പം, കൈമാറുന്ന വിശ്വാസം കൈമോശം വരുത്താതെ, അതിനെ പരിപോഷിപ്പിക്കാനുള്ള ആഹ്വാനവും. ജ്ഞാനസ്നാനത്തിലൂടെ നാം വിളിക്കപ്പെടുന്നത് ദൈവം പ്രസാദിക്കുന്ന പ്രിയ മക്കളായിത്തീരുവാനാണ്. അതുകൊണ്ടാണ് 'ക്രൈസ്തവന്റെ രണ്ടാമത്തെ ജന്മദിനം' എന്ന് ഫ്രാൻസിസ് പാപ്പ ജ്ഞാനസ്നാനത്തെ വിശേഷിപ്പിക്കുന്നത്.

മനുഷ്യരാശിയുടെ വിമോചനത്തിന്റെ ഉത്സവമാണ് ക്രിസ്തുമസ്സെങ്കിൽ ജീവനിലേക്കുള്ള വഴിയാണ് ക്രിസ്തു തുറന്നു തരുന്ന ജ്ഞാനസ്നാനത്തിരുനാൾ. അതിനാൽ തന്നെ ക്രിസ്തുവിന്റെ ജീവിതവും പ്രവൃത്തികളുമാണ് നമ്മിൽ പ്രത്യക്ഷപ്പെടേണ്ടത്. അവിടുന്ന് നമ്മിലൂടെ ആവിഷ്കൃതനാകണം. അതിന് നമ്മളോരോരുത്തരും മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടണം.

**ആമുഖം** സ്നേഹമുള്ളവരെ, നമ്മുടെ കർത്താവീശോമിശിഹായുടെ ജ്ഞാനസ്നാനത്തിരുനാൾ നാം ഇന്ന് അനുസ്മരിക്കുകയാണ്. പൂർണ്ണ മനുഷ്യനും, പൂർണ്ണ ദൈവവുമായ യേശുനാഥൻ പാപികളോടുകൂടി അനുതാപത്തിന്റെ ജ്ഞാനസ്നാനം സ്വീകരിക്കുന്നു. ആ സമയം സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധാത്മാവിനെ നമുക്ക് വെളിപ്പെടുത്തിത്തരുകയും ചെയ്യുന്നു. ആയതിനാൽ നമ്മുടെ ഓരോരുത്തരുടെയും ജ്ഞാനസ്നാനദിനം നമുക്കിന്ന് അനുസ്മരിക്കാം. ദൈവം തന്റെ മകനും മകളുമായി നമ്മെ സ്വീകരിക്കുകയും, സ്വർഗ്ഗത്തിനവകാശികളായി ഉയർത്തുകയും, തന്റെ ദത്തുപുത്രരായി നമ്മെ സ്വീകരിക്കുകയും ചെയ്തതിന് നന്ദി അർപ്പിക്കാം. യേശുനാഥൻ ഈ ലോകത്തിലെ തന്റെ ദൗത്യം പൂർണ്ണമായും നിറവേറ്റിയതുപോലെ, പിതാവായ ദൈവത്തോട് നൂറു ശതമാനവും വിശ്വസ്തനായിരുന്നതുപോലെ നമ്മെയും ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളോട് വിശ്വസ്തരായിരിക്കുവാൻ വേണ്ട കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം..

## ഒന്നാം വായന

### ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (42 : 1-4, 6-7)

*(ഇതാ എന്റെ ദാസൻ; ഞാൻ അവനിൽ പ്രസാദിച്ചിരിക്കുന്നു)*

കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ താങ്ങുന്ന എൻെറ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എൻെറ പ്രീതിപാത്രം. ഞാൻ എൻെറ ആത്മാവിനെ അവനു നൽകി; അവൻ ജനതകൾക്കു നീതി പ്രദാനം ചെയ്യും. അവൻ വിലപിക്കുകയോ സ്വരമുയർത്തുകയോ ഇല്ല; തെരുവീഥിയിൽ ആ സ്വരം കേൾക്കുകയുമില്ല. ചതഞ്ഞ ഞാങ്ങണ അവൻ മുറിക്കുകയില്ല; മങ്ങിയ തിരി കെടുത്തുകയുമില്ല. അവൻ വിശ്വസ്തതയോടെ നീതി പുലർത്തും. ഭൂമിയിൽ നീതി സ്ഥാപിക്കുന്നതുവരെ അവൻ പരാജയപ്പെടുകയോ അധീരനാവുകയോ ഇല്ല. തീരദേശങ്ങളും അവൻെറ നിയമത്തിനായി കാത്തിരിക്കുന്നു.

ഞാനാണു കർത്താവ്, ഞാൻ നിന്നെ നീതി സ്ഥാപിക്കാൻ വിളിച്ചു. ഞാൻ നിന്നെ കൈയ്ക്കു പിടിച്ചു നടത്തി സംരക്ഷിച്ചു. അന്ധർക്കു കാഴ്ച നൽകുന്നതിനും തടവുകാരെ കാരാഗൃഹത്തിൽനിന്നും അന്ധകാരത്തിലിരിക്കുന്നവരെ ഇരുട്ടറയിൽ നിന്നും മോചിപ്പിക്കുന്നതിനും വേണ്ടി ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതകൾക്കു പ്രകാശവുമായി നൽകിയിരിക്കുന്നു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

**(29: 1-2, 3-5, 10)**

**കർത്താവു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കട്ടെ.**

സ്വർഗവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ: മഹത്വവും ശക്തിയും അവിടുത്തേതെന്നു പ്രഘോഷിക്കുവിൻ. കർത്താവിൻെറ മഹത്വപൂർണമായ നാമത്തെ സ്തുതിക്കുവിൻ; വിശുദ്ധവസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ.

**കർത്താവു തന്റെ ......**

കർത്താവിൻെറ സ്വരം ജലരാശിക്കുമീതേ മുഴങ്ങുന്നു; ജലസഞ്ചയങ്ങൾക്കുമീതേ മഹത്വത്തിൻെറ ദൈവം ഇടിനാദം മുഴക്കുന്നു. കർത്താവിൻെറ സ്വരം ശക്തിനിറഞ്ഞതാണ്; അവിടുത്തെ ശബ്ദം പ്രതാപമുറ്റതാണ്.

**കർത്താവു തന്റെ ......**

കർത്താവിൻെറ സ്വരം ദേവദാരുക്കളെ തകർക്കുന്നു; കർത്താവു ലബനോനിലെ ദേവദാരുക്കളെ ഒടിച്ചു തകർക്കുന്നു. കർത്താവു ജലസഞ്ചയത്തിനുമേൽ സിംഹാസനസ്ഥനായിരിക്കുന്നു. അവിടുന്ന് എന്നേക്കും രാജാവായി സിംഹാസനത്തിൽ വാഴുന്നു.

**കർത്താവു തന്റെ ......**

## രണ്ടാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (10 : 34-38)

*(ദൈവം യേശുവിനെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തു)*

അക്കാലത്ത് പത്രോസ് പ്രഭാഷണമാരംഭിച്ചു: സത്യമായും ദൈവത്തിനു പക്ഷപാതമില്ലെന്നും അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജനതയിൽപ്പെട്ടവനായാലും, അവിടുത്തേക്കു സ്വീകാര്യനാണെന്നും ഞാൻ സത്യമായി അറിയുന്നു. സമാധാനത്തിൻെറ സദ്വാർത്ത സകലത്തിൻെറയും കർത്താവായ യേശുക്രിസ്തുവിലൂടെ വിളംബരംചെയ്തുകൊണ്ട് തൻെറ വചനം അവിടുന്ന് ഇസ്രായേൽ മക്കൾക്ക് നൽകി. യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിനുശേഷം ഗലീലിയിൽ ആരംഭിച്ച് യൂദയാ മുഴുവനിലും സംഭവിച്ച കാര്യങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നസറായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നൻമ പ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ

പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റി സഞ്ചരിച്ചുവെന്നും നിങ്ങൾക്ക് അറിയാം. ദൈവം അവ നോടുകൂടെയുണ്ടായിരുന്നു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (cf. Mk. 9 : 7) മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവ ന്റെ വാക്കു ശ്രവിക്കുവിൻ - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (3: 15-16, 21-22)

*(സ്നാനമേറ്റതിനുശേഷം യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗം തുറക്കപ്പെട്ടു)*

അക്കാലത്ത്, പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം ഇവൻ തന്നെയോ ക്രിസ്തു എന്നു യോഹന്നാനെപ്പറ്റി ചിന്തിച്ചു തുടങ്ങി. യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ ജലം കൊണ്ടു സ്നാനം നൽകുന്നു. എന്നാൽ, എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവ ൻെറ ചെരിപ്പിൻെറ കെട്ട് അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നി യാലും നിങ്ങൾക്കു സ്നാനം നൽകും. ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുവും വന്ന് സ്നാനമേറ്റു. അവൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ അവൻെറമേൽ ഇറങ്ങി വന്നു. സ്വർഗ ത്തിൽനിന്ന് ഒരു സ്വരവും ഉണ്ടായി: നീ എൻെറ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരേ, തന്നെ ഭയപ്പെടു കയും, നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ഏവ രിലും പ്രസാദിക്കുന്ന സർവ്വശക്തനായ ദൈവത്തി ന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും, യാച നകളും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, തിരുസഭയുടെ തല വനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ മെത്രാന്മാ രെയും, വൈദീകരെയും, സന്യസ്തരെയും അങ്ങെ ആത്മാവിനാൽ നിറയ്ക്കുകയും, ദൈവജനത്തെ ദൈവോന്മുഖരായി വളർത്തുവാൻ വേണ്ട കൃപാവര ങ്ങളാൽ ധന്യരാക്കുകയും ചെയ്യണമെന്ന് അങ്ങ യോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സകല അനുഗ്രഹങ്ങളുടെയും ദാതാവായ ദൈവമേ, ജ്ഞാനസ്നാനം എന്ന കൂദാശയിലൂടെ അങ്ങെ പരി ശുദ്ധാത്മാവിനാൽ പൂരിതരായ ഞങ്ങൾ ഓരോരു ത്തരെയും അങ്ങെ തിരുഹിതം നിറവേറ്റുന്നവരാക്കി മാറ്റണമെ. അങ്ങെ തിരുക്കുമാരൻ സ്ഥാപിച്ച ഓരോ കൂദാശകളും വേണ്ടത്ര ഒരുക്കത്തോടും, ഭക്തിയോ ടും, ശ്രദ്ധയോടും കൂടെ ഉൾക്കൊള്ളുവാൻ ഞങ്ങ ളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവമേ, ഞങ്ങളുടെ ഓരോ കുടുംബങ്ങളെയും അങ്ങെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. മാതാപിതാ ക്കളും മക്കളും തമ്മിലുള്ള ഐക്യവും, സ്നേഹവും വളർത്തണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് അങ്ങയുടെ വിളഭൂമിയിലേയ്ക്ക് വേല ചെയ്യാൻ സന്മനസ്സുള്ള മക്കളെ രൂപപ്പെടുത്തണമെന്നും, ദൈവ വിളി സ്വീകരിച്ചവർ അതിൽ ഉറച്ചു നിൽക്കാൻ ഇടയാ ക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. രോഗികൾക്ക് വൈദ്യനായ ദിവ്യനാഥാ, പലവിധ ത്തിലുള്ള രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്ന എല്ലാ മക്കളെയും അങ്ങെ കരസ്പർശനത്തിനായി സമർപ്പിക്കുന്നു. അവരുടെ വേദനയിൽ ആശ്വാസ മായും, ഏകാന്തതയിൽ കൂട്ടായും, സാമ്പത്തിക തകർച്ചയിൽ സാന്ത്വനമായും അങ്ങ് കൂടെ ഉണ്ടാ കണമെന്നും, ഇവയെല്ലാം തരണം ചെയ്യാനുള്ള കൃപ നൽകി ഇവരെ അനുഗ്രഹിക്കണമെന്നും അങ്ങ യോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെയും മരണത്തിന്റെയും അതിനാഥനായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർ പിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, പ്രാർ ത്ഥിക്കുവാൻ ആരുമില്ലാതെ ശുദ്ധീകരണസ്ഥലത്ത് വേദന അനുഭവിക്കുന്ന ആത്മാക്കളുടെയുംമേൽ അലിവു തോന്നണമെ. അങ്ങെ സ്നേഹത്തിനെതി രായി ഇവർ ചെയ്തുപോയ എല്ലാ പാപകടങ്ങളും പൊറുത്ത്, നിത്യജീവനിലേയ്ക്ക് ഇവരെയും പ്രവേശി പ്പിണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ജ്ഞാനസ്നാന സ്വീകരണ ത്തിലൂടെ അങ്ങെ പ്രിയ മക്കളായി തീർന്ന ഞങ്ങ ളുടെ എളിയ പ്രാർത്ഥനകൾ അങ്ങ് ദയാപൂർവ്വം സ്വീകരിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ബെൻസി ലിയോൺ S. H. E.

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

സ്വർഗ്ഗവാതിൽ തുറന്നിതാ
ബലിയണയ്ക്കാനൊരുങ്ങുവിൻ
സ്നേഹനാഥൻ ക്ഷണിച്ചിടുന്നു
ദൈവസ്നേഹം പകർന്നിടാൻ (സ്വർഗ്ഗ.....)

വരൂ.. വരൂ... ദൈവസ്നേഹം നുകർന്നിടൂ
പൂജ്യമാകും ബലിയണയ്ക്കാൻ
ഈ അൾത്താരയിലണഞ്ഞിടൂ (2)

ദൈവസ്നേഹം പെയ്തിടുന്നു
ഹൃത്തിനുള്ളിൽ പുതുമഴയായ്
ഏറെ സ്നേഹം ഏകിടാനായ്
യേശുനാഥൻ വിളിച്ചിടുന്നു
നാഥനെന്നും അഭയമായി
ഉള്ളിലണയാൻ വിളിച്ചിടുന്നു (2) (വരൂ.. വരൂ... )

## കാഴ്ചവയ്പ് ഗാനം

ഹൃദയമാം അൾത്താരയിൽ
കാഴ്ച്ചയേകാൻ വന്നിതാ
തന്നിടുന്നു മുഴുവനായ്
സ്വീകരിക്കണമേ (ഹൃദയമാം......)

ആബേലിൻ ബലി പോലെ ഫലമേറെയില്ലേലും
മറിയത്തിൻ മനംപോലെ മഹിമയേതുമില്ലേലും
കാഴ്ച്ചയായ് ഞങ്ങളെയും സ്വീകരിക്കണമേ
കാഴ്ച്ചയായ് ഞങ്ങളെയും സ്വീകരിക്കണമേ
(ഹൃദയമാം......)

നോവായ് തീർന്നതിനെയും
നോവുകൾ തന്നവരെയും
തന്നിടുന്നു കാഴ്ച്ചയായ്
കൈകൊള്ളണമേ (2)
തിരുരക്തത്തോടു ചേരും
ഒരു തുള്ളി ജലകണം പോൽ
ചേർക്കണേയീ കണ്ണുനീരും
ബലിയായ് തീർന്നവനേ (ഹൃദയമാം......)

## ദിവ്യകാരുണ്യ ഗാനം

ഉള്ളം നിറയെ സ്നേഹവുമായി
ഈശോയേ നിന്നെ സ്വീകരിക്കാം
ഉള്ളിൽ വരണേ ഉള്ളം കാണണേ
ഉള്ളം തേടും നിൻ സ്നേഹം നൽകേണേ
ഉള്ളതെല്ലാം നൽകുന്നു...
നിന്നെ എൻ സ്വന്തമാക്കുവാൻ...

വാ...സ്നേഹമേ... വാ... അകതാരിൽ... (2)
(ഉള്ളം......)

നീയെൻ ജീവനായി വാ
നീയെൻ മാനസത്തിൽ വാ
നീയെൻ സത്യമായി വാ
നീയെൻ സർവ്വമായി വാ
എന്നെ പൂർണ്ണമായ് അറിയും സ്നേഹമേ
അങ്ങേ കൈകളിൽ ഏകാം ജീവിതം
നീ സ്നേഹ താതനല്ലേ...
ഞാൻ നിന്റെ പൈതലല്ലേ... (2)
(വാ...സ്നേഹമേ.....)

| Jan | വിശുദ്ധർ | വായനകൾ |
|---|---|---|
| 13 Mon | St. Hilary of Poitiers | Hebr 1: 1-6/ Ps 97: 1 and 2b. 6 and 7c. 9/ Mk 1: 14-20 |
| 14 Tue | St. Devasahayam | Hebr 2: 5-12/ Ps 8: 2a and 5. 6-7. 8-9/ Mk 1: 21b-28 |
| 15 Wed | St. Paul the Hermit | Hebr 2: 14-18/ Ps 105: 1-2. 3-4. 6-7. 8-9/ Mk 1: 29-39 |
| 16 Thu | St. Joseph Vaz | Hebr 3: 7-14/ Ps 95: 6-7. 8-9. 10-11/ Mk 1: 40-45 |
| 17 Fri | St. Anthony the Abbot | Hebr 4: 1-5. 11/ Ps 78: 3 and 4bc. 6c-7. 8/ Mk 2: 1-12 |
| 18 Sat | St. Volusian | Hebr 4: 12-16/ Ps 19: 8. 9. 10. 15/ Mk 2: 13-17 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.